## യൂണിറ്റ് 9:  സംവാദം താൾ

സ്കൂൾവിക്കിയിൽ സൃഷ്ടിക്കപ്പെടുന്ന എല്ലാ പേജുകൾക്കും ഒരു സംവാദം താൾ കൂടി സൃഷ്ടിക്കപ്പെടുന്നുണ്ട്. ഉപയോക്തൃതാളിനും സംവാദം പേജ് ഉണ്ടായിരിക്കുന്നതാണ്. ഉപയോക്താക്കൾക്ക് സന്ദേശം നൽകാനുള്ളതാണ് സംവാദം പേജ്. വിക്കിപീഡിയയിലെ ലേഖനങ്ങളേയും മറ്റുതാളുകളേയും കുറിച്ചുള്ള കാര്യങ്ങൾ ചർച്ചചെയ്യുക എന്നതാണ് സംവാദം താളുകളുടെ ധർമ്മം.

മറ്റ് ഉപയോക്താക്കളോട് സംവദിക്കാൻ അവരുടെ സംവാദത്താളിൽ താങ്കളുടെ സന്ദേശം എഴുതാവുന്നതാണ്. സ്കൂൾവിക്കിയിൽ എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ സഹായം താളിൽ തിരയാവുന്നതാണ് അല്ലെങ്കിൽ സംവാദം:സഹായം താളിൽ ഒരു കുറിപ്പ് ഇടു,

**സംവാദം താളിൽ വിനയത്തോടും ബഹുമാനത്തോടും മാത്രമേ ആശയവിനിമയം നടത്താവൂ.** ചില സംവാദമാതൃകകൾ താഴെയുള്ള കണ്ണിയിലുണ്ട്, അവ കാണുക.

- https://schoolwiki.in/sw/1eal
- https://schoolwiki.in/sw/1wl9
- https://schoolwiki.in/sw/1wfd
- https://schoolwiki.in/sw/1qtu
- https://schoolwiki.in/sw/ko6
- https://schoolwiki.in/sw/mvt
- https://schoolwiki.in/sw/1ed2
- https://schoolwiki.in/sw/1wnj
- https://schoolwiki.in/sw/1wnq
- https://schoolwiki.in/sw/1wfg
- https://schoolwiki.in/sw/1wfk
- https://schoolwiki.in/sw/1wga
- https://schoolwiki.in/sw/1phw
- https://schoolwiki.in/sw/1ubp

## ഒപ്പ് രേഖപ്പെടുത്തൽ

**സംവാദം താളിലെഴുതിക്കഴിഞ്ഞ് ~~~~ (നാല് Tilda) ചേർത്ത് ഒപ്പുവെക്കേണ്ടതാണ്. എന്നാൽ, ലേഖനങ്ങൾ എഴുതുമ്പോൾ അതിന് താഴെ നിങ്ങളുടെ ഒപ്പ് വെക്കരുത്.**

ലേഖനങ്ങളുടെ സംവാദം താളുകളിലും ഇതര സംവാദതാളുകളിലും സ്വന്തം കുറിപ്പുകൾക്ക് **ഒപ്പിടുക** എന്നത് നല്ലൊരു വിക്കിമര്യാദയാണ്. കുറിപ്പ് ആരാണിട്ടതെന്ന മനസ്സിലാക്കാൻ അതു സഹായിക്കും. അതുവഴി കുറിപ്പിട്ടയാളുടെ സംവാദംതാളിലേക്കെളുപ്പമെത്താൻ കഴിയും. നല്ലൊരു വിജ്ഞാനകോശം സൃഷ്ടിക്കാൻ ആശയങ്ങളുടെ കൈമാറ്റം കൂടിയേകഴിയൂ .

ഉപയോക്താവിനേയും അയാളുടെ സേവനങ്ങളേയും തിരിച്ചറിയാനാണ് വിക്കിപീഡിയയിൽ ഒപ്പ് ഉപയോഗിക്കുന്നത്. പേരും സമയവും തിയ്യതിയും കുറിപ്പിനോടൊപ്പം ചേർക്കുന്നത് ചർച്ചകളിൽ മികവ് ഉറപ്പാക്കാൻ സഹായിക്കുന്നു.

- ഒപ്പ് രേഖപ്പെടുത്തുന്നത് എങ്ങനെയെന്നും ആവശ്യകതയെന്തെന്നും കൂടുതലായി ഇവിടെ വിശദീകരിച്ചിട്ടുണ്ട്.
- സംവാദത്തെക്കുറിച്ച് ഇവിടെ വിശദമായി വായിക്കാം

വീഡിയോ ട്യൂട്ടോറിയൽ കാണാം

---

## മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.

ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.

സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക